# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6277 — 11.07.2012ൽ മറുപടിയ്ക്ക്

### പേപ്പർലെസ് ഓഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പേപ്പർലെസ് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്ത് പേപ്പർലെസ് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ 7 വകുപ്പുകളിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെൻറർ വികസിപ്പിച്ച " മെസ്സേജ്" എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. പിന്നീട് "മെസ്സേജ് " എന്ന സോഫ്റ്റ്‌വെയറിനു പകരം " ഡി.ഡി.എഫ്. എസ് " എന്ന സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിലെ വിവര സാങ്കേതികം , ഭക്ഷ്യ പൊതുവിതരണം, ഉന്നത വിദ്യാഭ്യാസം എന്നീ മൂന്നു വകുപ്പുകളിലും കൂടാതെ ഐ.ടി മിഷൻ , അക്ഷയ, കെ.എസ്.ഡി.യു.പി. അനെർട്ട്, കെ. എസ്.ഐ. ടി. എൽ . സിറ്റിസൺ കാൾ സെന്റർ എന്നിവിടങ്ങളിലും നടപ്പിലാക്കുകയുണ്ടായി. എന്നാൽ സെക്രട്ടേറിയറ്റിലെ സങ്കീർണ്ണമായ ഫയൽ പ്രോസസിംഗിന് ഇത് വിജയകരമായി ഉപയോഗിക്കാൻ കഴിയുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. കൂടാതെ ടി സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതു സംബന്ധിച്ച് ഗുരുതരമായ ചില ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി സോഫ്റ്റ്‌വെയർ നടപ്പാക്കുന്നത് തൽക്കാലം നിർത്തിവയ്ക്കാൻ മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട് . |

| | | | |
|---|---|---|---|
| (ബി) | ആധുനിക കാലഘട്ടത്തിലെ പുതിയ സാങ്കേതികവിദ്യകൾ ഭരണ സംവിധാനത്തിന് ഉപയോഗപ്പെടുത്തുവാനും അതിലൂടെ പൊതുഭരണം സുതാര്യവും വേഗത്തിലുമാക്കാനും നടപടികൾ സ്വീകരിക്കുമോ; | (ബി) | ഐഡിയാസ്, ഇ-ഡിസ്ലിക്ക്, ഇ-പ്രൊക്യൂർമെന്റ്, വീഡിയോ കോൺഫറൻസിംഗ് സംവിധാനം , ഇ-മെയിൽ സെർവർ തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ വഴി പൊതുഭരണം വേഗത്തിലും സുതാര്യവുമാക്കിവരുന്നു. |
| (സി) | സർക്കാർ ഉദ്യോഗസ്ഥർക്ക് സാങ്കേതികവിദ്യകളെ പരിചയപ്പെടുത്താൻ കൃത്യമായി നിർബന്ധിത പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ? | (സി) | സർക്കാർ ഉദ്യോഗസ്ഥർക്ക് പുതിയ സാങ്കേതികവിദ്യകളെ പരിചയപ്പെടുത്താൻ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ